**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-ഗ്രാമവികസനം-ജീവനക്കാര്യം-ഗ്രാമവികസന കമ്മീഷണറേറ്റിലെ ക്ലാർക്കായ ശ്രീമതി.സനിയ.സി.കെ-യ്ക്ക് 14/5/15 ൽ അനുവദിച്ച ശൂന്യവേതനാവധി ദീർഘിപ്പിച്ചുകൊണ്ടും 07/11/2017 മുതൽ 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് കൊണ്ടുള്ള 28/12/2017 ലെ ഗ്രാമവികസന കമ്മീഷണറുടെ നടപടിക്രമം റദ്ദു ചെയ്യുന്നതിനും ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ഗ്രാമ വികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ)നമ്പർ. 3099/2018/തസ്വഭവ, തിരുവനന്തപുരം, തീയതി, 06/12/2018

---

പരാമർശം : 1) സർക്കുലർ നം.36/94/ധനം, തീയതി 14/06/1994.

2) സ.ഉ.(സാധാ) നം.1436/2015/തസ്വഭവ തീയതി 14/05/2015.

3) ശ്രീമതി.സനിയ.സി.കെ, ക്ലാർക്ക്, ഗ്രാമവികസന കമ്മീഷണറേറ്റ് സമർപ്പിച്ച 31/10/2017- ലെ അപേക്ഷ.

4) ഗ്രാമവികസന കമ്മീഷണറുടെ 18/12/2017, 06/03/2018 എന്നീ തീയതികളിലെ 12044/എസി&എഡി2 /2011/ സിആർഡി നമ്പർ കത്തുകൾ.

5) ഗ്രാമവികസന കമ്മീഷണറുടെ 28/12/2017 ലെ 12044/എസി&എഡി2/2011/ സിആർഡി നമ്പർ നടപടിക്രമം

**<u>ഉത്തരവ്</u>**

ഗ്രാമവികസന കമ്മീഷണറേറ്റിലെ ക്ലാർക്കായ ശ്രീമതി.സനിയ.സി.കെ-യ്ക്ക് കെഎസ്ആർ ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി, 01/11/2014 മുതൽ 31/10/2017 വരെ ശൂന്യവേതനാവധി അനുവദിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായി. എന്നാൽ കോഴ്സ് കാലാവധി തീരാൻ 4 ദിവസം കൂടി ബാക്കിയുണ്ടെന്നും അതിനാൽ ശൂന്യവേതനാവധി 01/11/2017 മുതൽ 04/11/2017 വരെ 4 ദിവസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്നും അപേക്ഷിച്ചുകൊണ്ട് ശ്രീമതി.സനിയ.സി.കെ പരാമർശം (3) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

ശ്രീമതി.സനിയ.സി.കെ അവധിക്ക് ശേഷം 06/11/2017- ൽ ജോലിയിൽ പ്രവേശിച്ചതായും തുടർന്ന് സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നതിനായി 28/12/2017 ലെ 12044/എസി&എഡി2/2011/സിആർഡി നടപടിക്രമം പ്രകാരം 07/11/2017 മുതൽ 5

വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചതായും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമവികസന കമ്മീഷണറേറ്റിലെ ക്ലാർക്കായ ശ്രീമതി.സനിയ.സി.കെ-യ്ക്ക് 01/11/2014 മുതൽ 31/10/2017 വരെ പരാമർശം (2) പ്രകാരം അനുവദിച്ചിരുന്ന ശൂന്യവേതനാവധി കെഎസ്ആർ ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി 04/11/2017 വരെ (05/11/2017 പിൻ ചേർത്ത്) ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഉത്തരവാകുന്നു. കെഎസ്ആർ ഭാഗം I, അനുബന്ധം XII A പ്രകാരമുള്ള ശൂന്യവേതനാവധി മുൻകാലപ്രാബല്യത്തിൽ അനുവദിക്കുവാൻ വ്യവസ്ഥയില്ലെന്നിരിക്കെ ശ്രീമതി.സനിയ.സി.കെ-യ്ക്ക് 07/11/2017 മുതൽ 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് പുറപ്പെടുവിച്ച പരാമർശം(5) ലെ നടപടിക്രമം റദ്ദ് ചെയ്യുന്നതിനും പ്രസ്തുത അവധി അനുവദിച്ച് കിട്ടുന്നതിന് മുമ്പ് അവധിയിൽ പ്രവേശിച്ചതിന് ശ്രീമതി.സനിയ.സി.കെ-യ്ക്കെതിരെ കെഎസ്ആർ ഭാഗം I, അനുബന്ധം XII A ചട്ടം 9 പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ഗ്രാമ വികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ.എം**
**അണ്ടർ സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) ശ്രീമതി.സനിയ.സി.കെ, ക്ലാർക്ക്, ഗ്രാമവികസന കമ്മീഷണറേറ്റ് (ഗ്രാമവികസന കമ്മീഷണർ മുഖേന)
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ, (എ&ഇ), എറണാകുളം
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെ ബ്സൈ റ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ